# Athmaraksha.org

നമ്മുടെ അവസാന നാളുകൾ

## കർത്താവിന്റെ അവസാനവിധി (മത്തായി 25:31-46)




31 മനുഷ്യപുത്രൻ എല്ലാ ദൂതൻമാരോടുംകൂടെ മഹത്വത്തിൽ എഴുന്നള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ
സിംഹാസനത്തിൽ ഉപവിഷ്ടനാകും.32 അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും. ഇടയൻ
ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ 33 അവൻ അവരെ തമ്മിൽ
വേർതിരിക്കും. അവൻ ചെമ്മരിയാടുകളെ തന്റെ വലത്തുവശത്തും കോലാടുകളെ ഇടത്തുവശത്തും
നിറുത്തും.34 അനന്തരം രാജാവ് തന്റെ വലത്തുഭാഗത്തുള്ളവരോട് അരുളിച്ചെയ്യും: എന്റെ പിതാവിനാൽ
അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന
രാജ്യം അവകാശപ്പെടുത്തുവിൻ.35 എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു
ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു.36 ഞാൻ
നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു.
ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തു വന്നു.37 അപ്പോൾ നീതിമാൻമാർ ഇങ്ങനെ
മറുപടി പറയും: കർത്താവേ, നിന്നെ വിശക്കുന്നവനായിക്കണ്ട് ഞങ്ങൾ ആഹാരം നൽകിയതും
ദാഹിക്കുന്നവനായികണ്ട് കുടിക്കാൻ നൽകിയതും എപ്പോൾ?38 നിന്നെ പരദേശിയായിക്കണ്ട്
സ്വീകരിച്ചതും നഗ്നനായിക്കണ്ട് ഉടുപ്പിച്ചതും എപ്പോൾ?39 നിന്നെ ഞങ്ങൾ രോഗാവസ്ഥയിലോ
കാരാഗൃഹത്തിലോ കണ്ടു സന്ദർശിച്ചത് എപ്പോൾ?40 രാജാവു മറുപടി പറയും: സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു
ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്.41 അനന്തരം അവൻ തന്റെ ഇടത്തു
ഭാഗത്തുള്ളവരോടു പറയും: ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവന്റെ
ദൂതൻമാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ.42 എനിക്കു വിശന്നു;
നിങ്ങൾ ആഹാരം തന്നില്ല. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നില്ല.43 ഞാൻ
പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചില്ല. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ
ഉടുപ്പിച്ചില്ല. രോഗാവസ്ഥയിലും കാരാഗൃഹത്തിലും ആയിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചില്ല.44
അപ്പോൾ അവർ ചോദിക്കും: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ, ദാഹിക്കുന്നവനോ,
പരദേശിയോ, നഗ്നനോ രോഗിയോ, കാരാഗൃഹത്തിൽ കഴിയുന്നവനോ ആയി കണ്ടിട്ടും നിനക്കു
ശുശ്രൂഷ ചെയ്യാതിരുന്നതും എപ്പോൾ?45 അവൻ മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു
ചെയ്യാതിരുന്നത്.46 ഇവർ നിത്യശിക്ഷയിലേക്കും നീതിമാൻമാർ നിത്യജീവനിലേക്കും പ്രവേശിക്കും.